**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4881</u>** **<u>20-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ആറളം ഫാം സ്കൂളിലെ സ്ഥിര അദ്ധ്യാപക നിയമനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ പുനരധിവാസ മേഖലയിലെ ആറളം ഫാം സ്കൂളിൽ 2019 - ൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെന്നതും സ്ഥിരം അദ്ധ്യാപകരുടെ അഭാവം വിദ്യാർത്ഥികളുടെ റിസൾട്ടിനെ ബാധിച്ചിട്ടുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്ഥിരം അദ്ധ്യാപകരുടെ അഭാവം വിദ്യാർത്ഥികളുടെ റിസൾട്ടിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപനത്തിന് മതിയായ യോഗ്യതയുള്ളവരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപക നിയമനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ടി സ്കൂളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ